ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ ആറ് മാസത്തിനുള്ളിൽ ലീഗൽ മെട്രോളജി വകുപ്പുനടത്തിയ

പരിശോധനകളുടെ എണ്ണം - 2948

കേസുകളുടെ എണ്ണം - 904

ഫൈൻ - 27,89,000 രൂപ.

(ബി) പാക്കിംഗ് ലൈസൻസ് എടുക്കാതെ ഉല്പന്നങ്ങൾ പാക്ക് ചെയ്ത് വിൽക്കുന്നതിനെതിരെ എടുത്തിട്ടുള്ള കേസുകളുടെ എണ്ണം - 2,51,000 രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

സപ്ലൈകോയിലെ അഴിമതി

31(3148) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ-യ്ക്ക് നാളിതുവരെ ഓരോ വർഷവും എന്ത് തുക നൽകി; നിത്യോപയോഗ സാധനങ്ങൾക്ക് സബ്സിഡി നൽകാനായി ഓരോ വർഷവും എന്ത് തുക നാളിതുവരെ ഉപയോഗിച്ചു ; വ്യക്തമാക്കുമോ ;

(ബി) ഈ നടപ്പുവർഷം സപ്ലൈകോ ഏതെല്ലാം കരാറുകാരിൽ നിന്നും നിത്യോപയോഗ സാധനങ്ങൾ വാങ്ങി; അവർക്ക് നൽകിയ വില എത്രയെന്നും പ്രസ്തുത സാധനങ്ങൾ വിപണിയിൽ എന്ത് വിലയ്ക്ക് നൽകിയെന്നും ഇതിൽ വിപണി വിലയെക്കാൾ കൂടിയ വിലയിൽ ഏതൊക്കെ നിത്യോപയോഗ സാധനങ്ങൾ വാങ്ങി എന്നും വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സപ്ലൈകോയുടെ എത്ര വിപണന കേന്ദ്രങ്ങളിൽ വിജിലൻസ് അന്വേഷണം നടത്തി ; പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ നിയമവിരുദ്ധ പ്രവർത്തികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ വിജിലൻസ് കണ്ടെത്തിയ അപാകതയും അഴിമതിയും നടത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം ; ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ എന്ത നടപടി സ്വീകരിച്ചു ; വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സപ്ലൈകോയുടെ വിവിധ ഔട്ട്‌ലെറ്റുകളിൽ നിത്യോപയോഗ സാധനങ്ങൾ പലതും ലഭിക്കുന്നില്ല എന്ന വസ്തുതയും പല സാധനങ്ങളും വിപണി വിലയേക്കാൾ കൂടുതലാണ് എന്ന സത്യവും സപ്ലൈകോയിലെ മുതിർന്ന ഉദ്യോഗസ്ഥരും കരാറുകാരും തമ്മിലുള്ള അവിശുദ്ധ ബന്ധം, എന്നിവ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സപ്ലൈകോയ്ക്ക് 2008-09 മുതൽ ഇതുവരെ നൽകിയ തുകയുടെയും നിത്യോപയോഗ സാധനങ്ങൾക്ക് സബ്സിഡി നൽകാനായി ഉപയോഗിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധം (I) ആയി കൊടുക്കുന്നു.*

(ബി) നടപ്പുസാമ്പത്തിക വർഷം സപ്ലൈകോ ഇ-ടെണ്ടർ മുഖേന സാധനങ്ങൾ വാങ്ങിയ വിതരണക്കാരുടെ പേര് വിവരം അനുബന്ധം (II) ആയും നടപ്പുസാമ്പത്തിക വർഷം വാങ്ങിയ സാധനങ്ങളുടെ വില വിവരം അനുബന്ധം (III) ആയും, 13 ഇനം അവശ്യ സാധനങ്ങളുടെ ഇപ്പോഴത്തെ വിൽപ്പന വില അനുബന്ധം (IV) ആയും ചേർക്കുന്നു.* പൊതുവിപണിയേക്കാൾ കുടിയ നിരക്കിൽ സപ്ലൈകോ സാധനങ്ങൾ വാങ്ങിയിട്ടില്ല.

(സി&ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 120-ഓളം ഷോപ്പുകളിൽ വിജിലൻസ് ഓഫീസർ പരിശോധനകൾ നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ ചില ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. വിപണന കേന്ദ്രങ്ങളിലൂടെ വിറ്റഴിക്കുന്ന വിവിധ സാധനങ്ങളുടെ കണക്കെടുക്കുമ്പോൾ ചിലപ്പോൾ കണക്കിലധികമായ സ്റ്റോക്ക് കാണാറുണ്ട്. കണക്കിൽ കുറഞ്ഞതായ സ്റ്റോക്കും കണ്ടെത്താറുണ്ട്. കാലാവധി കഴിഞ്ഞതായ സാധനങ്ങൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ, രജിസ്റ്ററുകളിൽ ആവശ്യമായ കാര്യങ്ങൾ രേഖപ്പെടുത്താത്തത് എന്നിവ കണ്ടെത്തിയിട്ടുണ്ട്. വിപണന കേന്ദ്രങ്ങളിലെ പണം എണ്ണി തിട്ടപ്പെടുത്തുമ്പോൾ ഏറ്റക്കുറച്ചിലുകൾ കാണാറുണ്ട്. അവയെല്ലാം അതാതു സമയങ്ങളിൽ റിപ്പോർട്ട് നൽകുകയും ഉചിത നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അപാകതകൾ ഒന്നുപോലുമില്ലാത്ത വിപണന കേന്ദ്രങ്ങൾ കാണുക സാധാരണ രീതിയിൽ സാദ്ധ്യമല്ല. ആറുകണക്കിന് സാധനങ്ങൾ കൈകാര്യം ചെയ്യുന്നതിലോ, കണക്കുകൾ എഴുതുന്നതിലോ, വിവിധ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലോ, പണം കൈകാര്യം ചെയ്യുന്നതിലോ, പൊതുജനങ്ങളോടുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പെരുമാറ്റത്തിലോ ഒരു അപാകതയെങ്കിലും പരിശോധിച്ചിട്ടുള്ള ഏതാണ്ടെല്ലാ വിപണന കേന്ദ്രങ്ങളിലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ എല്ലാ അപാകതകൾക്കും അതാതു കേന്ദ്രങ്ങളിൽ നിന്ന് തന്നെ തിരുത്തലുകൾ വാങ്ങുകയും, ഗൗരവമുള്ളതെങ്കിൽ പിഴയടപ്പിക്കുകയോ സ്ഥലംമാറ്റമുൾപ്പെടെയുള്ള നടപടികൾക്ക് വിധേയരാക്കുകയോ ചെയ്തിട്ടുണ്ട്. വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോയുടെ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളും, ഉദ്യോഗസ്ഥന്മാർക്കെതിരെ സ്വീകരിച്ച നടപടികളും അനുബന്ധം (V) ആയി ചേർക്കുന്നു.*

(ഇ) ചില മാവേലി സ്റ്റോറുകളിലെ സ്ഥല പരിമിതിമൂലവും, ചരക്ക് നീക്കത്തിൽ വരുന്ന ചില പ്രായോഗികമായ കാരണങ്ങൾകൊണ്ടും ചില അവസരങ്ങളിൽ അവശ്യസാധനങ്ങളുടെ ദൗർലഭ്യം ഉണ്ടാകാറുണ്ട്. സപ്ലൈകോയുടെ എല്ലാ വിൽപ്പന ശാലകളിലും അവശ്യ സാധനങ്ങൾ പ്രത്യേകിച്ച് സബ്സിഡി ഉൽപ്പന്നങ്ങൾ ആവശ്യത്തിന് ലഭ്യമാക്കാനുള്ള സ്റ്റോക്ക് എല്ലാ ഡിപ്പോകളിലും സൂക്ഷിക്കാറുണ്ട്. സപ്ലൈകോ വഴി 13 ഇനം അവശ്യ വസ്തുക്കൾക്ക് പൊതുവിപണിയേക്കാൾ 20% മുതൽ 35% വരെ കുറച്ചാണ് സബ്സിഡി നിരക്കിൽ വിൽപ്പന വില നിശ്ചയിച്ചിരിക്കുന്നത്. സപ്ലൈകോയിലെ ഉദ്യോഗസ്ഥരും കരാറുകാരും തമ്മിൽ അവിശുദ്ധ ബന്ധമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പൊതുമരാമത്ത് വകുപ്പിന് പദ്ധതി ചെലവിൽ റെക്കോർഡ് നേട്ടം

32(5796) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. അച്ചുതൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. എം. പി. വിൻസെന്റ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് പദ്ധതി ചെലവിൽ റെക്കോർഡ് നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ ;

(ബി) ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) പദ്ധതി വിഹിതത്തേക്കാൾ എത്ര ഇരട്ടി തുകയാണ് പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly